കേരള സർക്കാർ

<u>പാർലമെന്ററികാര്യ (എ) വകുപ്പ്</u>

സർക്കുലർ

നമ്പർ 2248/എ.2/09/പാ.കാ.വ. തിരുവനന്തപുരം, 2010 ജനുവരി 2

വിഷയം:- സർക്കാർ ജീവനക്കാർ - പാർലമെന്റ് അംഗങ്ങളോടും നിയമസഭാ സാമാജികരോടുമുള്ള ഇടപെടൽ - ആദരവ് പ്രകടിപ്പിക്കൽ - നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1. 30/06/1975 – ലെ 134160/എസ്.ഡി.3/74/പി.ഡി. നമ്പർ സർക്കുലർ

2. 14/10/1988-ലെ 14958/ഉപദേശാ.സി3/88/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

3. 30.05.2002-ലെ 5913/ഉപദേശ. സി3/02/ഉ.ഭ.വ. നമ്പർ സർക്കുലർ

4. 19/02/2005-ലെ 14948/ഉപദേശ. സി3/04/ഉ.ഭ.പ.വ. നമ്പർ.സർക്കുലർ

നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ പാർലമെന്റ് അംഗങ്ങളും സംസ്ഥാന നിയമസഭാ സാമാജികൻമാരും അംഗീകൃത ജനപ്രതിനിധികൾ എന്ന നിലയിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്. ഭരണഘടനാപരമായി അവർക്ക് പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കാനുണ്ട്. സർക്കാർ ആഫീസുകളിൽ നിന്ന് വിവരങ്ങൾ ആരായേണ്ട ആവശ്യവും അവർക്ക് ഉണ്ടാകാം. പാർലമെന്റ് അംഗങ്ങളും നിയമസഭാസാമാജികരും ഉദ്യോഗസ്ഥന്മാരുമായി കൂടിക്കാഴ്ച നടത്തേണ്ടതായും വരും. ഇതോടനുബന്ധിച്ച് എം.പി/എം.എൽ.എ. മാരും സർക്കാർ ജീവനക്കാരും തമ്മിലുള്ള ബന്ധം ക്രമീകരിക്കുന്നതിനായി ഏതാനും അംഗീകൃത തത്വങ്ങളും കീഴ്നടപ്പുകളും സൂചന ഒന്നിലെ സർക്കുലറിലൂടെ എല്ലാവരെയും അറിയിച്ചിട്ടുണ്ട്. മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന 2-ലെയും 3-ലെയും സർക്കുലർ മുഖേന വീണ്ടും പുറപ്പെടുവിച്ചിരുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ചില ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പാർലമെന്റ് അംഗങ്ങളും സംസ്ഥാന നിയമസഭാസാമാജികരും സർക്കാർ ജീവനക്കാരും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കേണ്ട തത്വങ്ങളും കീഴ്നടപ്പുകളും ആവർത്തിച്ച് വിശദമാക്കേണ്ടതുണ്ട്. ആയതിനൽ മേൽ പറഞ്ഞ സർക്കുലറുകളിൽ പരാമർശിച്ചിട്ടുള്ളവയുൾപ്പെടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സർക്കാർ ജീവനക്കാർ പാർലമെന്റ് അംഗങ്ങളോടും സംസ്ഥാന നിയമസഭാസാമജികരോടും ആദരവ് പ്രകടിപ്പിക്കുകയും അവർക്ക് പരമാവധി പരിഗണന നൽകുകയും ചെയ്യേണ്ടതാണ്. അവരോടുള്ള പെരുമാറ്റം എപ്പോഴും വളരെ മാന്യമായ രീതിയിലായിരിക്കണം. പാർലമെന്റ് അംഗങ്ങളും നിയമസഭാസാമാജികൻമാരും പറയുന്നത് ശ്രദ്ധാപൂർവ്വവും ക്ഷമയോടും കൂടി കേൾക്കേണ്ടതാണ്. അവരുടെ ഭരണഘടനാപരമായിട്ടുള്ള പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് കഴിയുന്നിടത്തോളം സഹായിക്കുക എന്നത് ഓരോ ഉദ്യോഗസ്ഥന്റെയും കടമയാണ്. ഒരംഗത്തിന്റെ അഭ്യർത്ഥനയോ നിർദ്ദേശമോ ആയി യോജിക്കാൻ ഒരു ഉദ്യോഗസ്ഥന് കഴിയാതെ വരുന്ന സന്ദർഭത്തിൽ അതിനുള്ള കാരണങ്ങൾ ആദരപൂർവ്വം അംഗത്തിന് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

എല്ലാ ഉദ്യോഗസ്ഥരും ഓരോ ദിവസവും ഏതാനും സമയം സന്ദർശകരെ കാണുന്നതിനായി മാറ്റി വയ്ക്കേണ്ടതാണ്. ഈ സമയത്തും മറ്റ് ഓഫീസ് സമയത്തും പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാ സാമാജികർക്കും മുൻഗണന നൽകേണ്ടതാണ്. പാർലമെന്റ് അംഗങ്ങളും

നിയമസഭാസാമാജികരും ഓഫീസിൽ തന്നെക്കാണാൻ വരുമ്പോഴും യാത്രയാക്കുമ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് നിൽക്കേണ്ടതാണ്.

അതുപോലെ പൊതു പരിപാടികളിൽ ഇരിപ്പിടം ഒരുക്കുമ്പോൾ എല്ലായ്പ്പോഴും വളരെയേറെ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതും ഇക്കാര്യത്തിൽ യാതൊരു തെറ്റിദ്ധാരണയും ഇടയില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എം.പി/എം എൽ. എ മാരുടെ പദവിയെപ്പറ്റി 23/01/1996 –ലെ 66938/പൊളിറ്റിക്കൽ 1/95/ജി എ ഡി നമ്പർ സർക്കാർ വിജ്ഞാപനത്തിൽ പുറപ്പെടുവിച്ച മുൻഗണനാക്രമപട്ടികയിൽ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം എം.പി-മാരെ ആർട്ടിക്കിൾ 21 എ യിലും എം.എൽ.എ-മാരെ ആർട്ടിക്കിൾ 21 ബി-യിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പാർലമെന്റ് അംഗങ്ങളിൽ നിന്നും നിയമസഭാ സാമാജികന്മാരിൽ നിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായും നൽകേണ്ടതാണ്. അത്തരത്തിലുള്ള എല്ലാ കത്തുകൾക്കും ശ്രദ്ധാപൂർവ്വമായ പരിഗണന നൽകേണ്ടതും എത്രയും വേഗത്തിലും അനുയോജ്യമായ തലത്തിലും അവയ്ക്ക് മറുപടി നൽകേണ്ടതുമാണ്. പാർലമെന്റ് അംഗങ്ങളിൽ നിന്നും നിയമസഭാസാമാജികരിൽ നിന്നും ടെലിഫോൺ മുഖേനയുള്ള അന്വേഷണങ്ങൾക്കുള്ള മറുപടിയും സുവ്യക്തവും ആദരപൂർവ്വവുമായിരിക്കണം. പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങളുടെ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും എം.പി. മാരും എം.എൽ.എ മാരും ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉടൻ ലഭ്യമായിട്ടുള്ളതും രഹസ്യസ്വഭാവമില്ലാത്തതുമായ വിവരങ്ങൾ അവർക്ക് നൽകേണ്ടതാണ്. സംശയമുള്ള സംഗതികളിൽ അഭ്യർത്ഥന നിരസിക്കുന്നതിനു മുൻപായി മേലധികാരികളിൽ നിന്നുള്ള നിർദ്ദേശം വാങ്ങിയിരിക്കേണ്ടതാണ്.

ഒപ്പ്

നീലാ ഗംഗാധരൻ

ചീഫ് സെക്രട്ടറി

ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

പൊതുമേഖലാ എല്ലാ വർക്കുപ്പ് തലവൻമാർക്കും സ്ഥാപനങ്ങളുടേയും കമ്പനികളുടേയും കോർപ്പറേഷനുകളുടേയും ചീഫ് എക്സിക്യൂട്ടീവുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/ എല്ലാ സെക്ഷനുകൾക്കും ഉദ്യോഗസ്ഥർക്കും.

എ5/2624/[illegible]/2010 [illegible] 11.02.2010

പകർപ്പ് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടേയും, റീജിയണൽ ട്രാൻസ്പോർട്ട് ഒഫീസർമാരുടേയും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഒഫീസർമാരുടേയും അറിവിലേയ്ക്കായി നൽകുന്നു.

ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി